(b) the number and nature of cases withdrawn during the past six months; and

(c) the number of cases that are pending?

Home Minister (SHRI A. J. JOHN):

(a) Nil.

(b) & (c) Do not arise in view of answer to (a) & (b).

മരച്ചീനി സഹകരണസംഘങ്ങളുടെ അഴിമതി.

* 996. [22] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ മരച്ചീനി സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗവണ്മെന്റ് നിന്നും ചെയ്തിരുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ബി) ഏതു സംഘങ്ങളുടെ നടപടികളെപ്പറ്റി അന്വേഷണം നടത്തി; അന്വേഷണത്തിന്റെ സ്വഭാവം എന്തായിരുന്നു; അന്വേഷണ ഫലം എന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) മരച്ചീനി സംഘങ്ങളുടെ പ്രവർത്തന ദൃഷ്യങ്ങളെപ്പറ്റി അന്വേഷണം നടത്തുവാൻ വേണ്ട ഉത്തരവുകൾ കൊടുത്തിട്ടുണ്ട്. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) എട്ടു സംഘങ്ങളെപ്പറ്റി ഇപ്പോൾ അന്വേഷണം നടക്കുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

ഹൗസിംഗ് സെറ്റിൽമെന്റ് പദ്ധതി.

* 997. [23] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് സെറ്റിൽമെന്റ് പദ്ധതിയനുസരിച്ച് ഇക്കൊല്ലം ഏതു തുക ഗവണ്മെന്റ് ചെലവാക്കി;

(ബി) ഈ പദ്ധതിക്കുവേണ്ടി ഇനി ഏതു തുകകൂടി ഇക്കൊല്ലം ചെലവാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഹൗസിംഗ് സെറ്റിൽമെന്റ് പദ്ധതികൾക്കായി ഇക്കൊല്ലം അക്കോമ്പർ അവസാനംവരെ 3,63,120 രൂപ ചെലവായി.

(ബി) ഈ പദ്ധതികൾക്കുവേണ്ടി ഈവർഷം ഇനി 11,42,881 രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly